**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2057** **21-06-2024 - ൽ മറുപടിയ്ക്ക്**

**ജൈവ വൈപ്പിൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 36 കോടി രൂപ നബാർഡ് ധനസഹായത്തോടെയുള്ളതും കൃഷിക്കും മത്സ്യബന്ധത്തിനും ഉപയുക്തവുമായിരുന്ന ജൈവ വൈപ്പിൻ പദ്ധതി വിവിധ വകുപ്പുകളുടെ പരസ്പര സഹകരണമില്ലാത്ത പ്രവർത്തനങ്ങളാലും കെ.സി.ഇസെഡ്.എം.എ. യുടെ അനുമതി സമയബന്ധിതമായി ലഭ്യമാകാത്തതിനാലും നഷ്ടപ്പെട്ടുവാനുണ്ടായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജൈവ വൈപ്പിൻ പദ്ധതിയിൽപ്പെട്ട വീരൻപുഴയിലും 9 തോട്ടുകളിലും അടിഞ്ഞുകൂടിയ മണ്ണ് മാറ്റുന്നതിനുള്ള പദ്ധതിയിൽ 70% desilting പ്രവൃത്തിയാണ് ഉൾപ്പെട്ടിരുന്നത്. നബാർഡ് മാനദണ്ഡങ്ങൾ പ്രകാരം പദ്ധതി തുകയുടെ 15% മാത്രമേ desilting പ്രവൃത്തിയ്ക്ക് അനുവദിക്കാൻ കഴിയുകയുള്ളൂ. അതിനാൽ ഈ പ്രവൃത്തി ആർ.ഐ.ഡി.എഫ് പദ്ധതിയിൽ പരിഗണിക്കാൻ കഴിയില്ല എന്ന് നബാർഡ് അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട നിലവിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനും ഇതര സാമ്പത്തിക സ്രോതസ്സ് ലഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാഹചര്യം പരിഗണിച്ച് തീരദേശ മണ്ഡലമായ വൈപ്പിൻകരയിൽ വേലിയേറ്റ സമയത്ത് ജനവാസമേഖലകളിൽ വെള്ളം കയറുന്നതിനാലുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വേമ്പനാട് കായലിന്റെ കൈവഴിയായ വീരൻപുഴയിൽ പ്രളയത്തിൽ അടിഞ്ഞുകൂടിയ എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നതിനും തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ജൈവ വൈപ്പിൻ പദ്ധതിയിൽപ്പെട്ട വീരൻപുഴയിലും 9 തോട്ടുകളിലും അടിഞ്ഞുകൂടിയ മണ്ണ് മാറ്റുന്നതിനുള്ള പദ്ധതിയിൽ 70% desilting പ്രവൃത്തിയാണ് ഉൾപ്പെട്ടിരുന്നത്. നബാർഡ് മാനദണ്ഡങ്ങൾ പ്രകാരം പദ്ധതി തുകയുടെ 15% മാത്രമേ desilting പ്രവൃത്തിയ്ക്ക് അനുവദിക്കാൻ കഴിയുകയുള്ളൂ. അതിനാൽ ഈ പ്രവൃത്തി ആർ.ഐ.ഡി.എഫ് പദ്ധതിയിൽ പരിഗണിക്കാൻ കഴിയില്ല എന്ന് നബാർഡ് അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട നിലവിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനും ഇതര സാമ്പത്തിക സ്രോതസ്സ് ലഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ